

THURSDAY 21/11/2024 വ്യാഴാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA


Chief Editor: Nizam S A    Editor: Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003

Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 21/11/2024

1. നാളികേര വികസന ബോർഡിന്റെ നേര്യമംഗലം വിത്തുൽപാദന പ്രദർശന തോട്ടത്തിൽ കുറ്റ്യാടി തെങ്ങിൻ തൈകൾ 100 രൂപ നിരക്കിലും, കുറിയ ഇനങ്ങൾ 110 രൂപ നിരക്കിലും, സങ്കര ഇനങ്ങൾ 250 രൂപ നിരക്കിലും വിതരണം ചെയ്യുന്നു. ആവശ്യമുള്ള കർഷകർക്കും, കൃഷി ഓഫീസർമാർക്കും ഫാമിലെത്തി തൈകൾ നേരിട്ട് വാങ്ങാം. കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 8 മുതൽ വൈകീട്ട് 5 മണി വരെ 0485 2554240 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക. .

2. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ള എല്ലാ മത്സ്യത്തൊഴിലാളികളും അനുബന്ധതൊഴിലാളികളും പെൻഷണർമാരും ഫിഷറീസ് വകുപ്പിന്റെ സോഫ്റ്റ്‌വെയറായ ഫിഷർമെൻ ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റംത്തിൽ (ഫിംസ്) രജിസ്റ്റർ ചെയ്യണം. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് വഴി നടപ്പിലാക്കുന്ന മത്സ്യത്തൊഴിലാളി ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി 2024-25, അനുബന്ധ തൊഴിലാളി ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി 2024-25, സാന്ത്വനതീരം പദ്ധതി, ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്ന വിവിധ ക്ഷേമ പദ്ധതികൾ എന്നിവയുടെ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് ക്ഷേമനിധി ബോർഡ് അംഗത്വമുള്ള എല്ലാ മത്സ്യത്തൊഴിലാളികളും അനുബന്ധ തൊഴിലാളികളും ഫിംസ് രജിസ്ട്രേഷൻ ഉറപ്പുവരുത്തണം. നവംബർ 25നകം പേര് വിവരങ്ങൾ രജിസ്റ്റർ ചെയ്യണം. ഇതിനായി ക്ഷേമനിധി ബോർഡ് പാസ്ബുക്ക്, ആധാർ കാർഡ്, റേഷൻ കാർഡ്, ബാങ്ക് പാസ്ബുക്ക് എന്നിവയുടെ പകർപ്പും, മൊബൈൽ നമ്പരും ഫിഷറീസ് ഓഫീസിൽ നൽകേണ്ടതാണ്. തിരുവനന്തപുരം ജില്ലയിലെ പൂവ്വാർ, പള്ളം, വിഴിഞ്ഞം, വലിയതുറ, വെട്ടുകാട്, പുത്തൻതോപ്പ്, കായിക്കര, ചിലക്കൂർ ഫിഷറീസ് ഓഫീസുകളിലും കൊല്ലം ജില്ലയിലെ മയ്യനാട്, തങ്കശ്ശേരി, നീീകര, ചെറിയഴീക്കൽ, കുഴിത്തുറ, കെ.എസ്.പുരം, പടപ്പക്കര

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഫിഷറീസ് ഓഫീസുകളിലും രേഖകൾ സമർപ്പിക്കണം. ക്ഷേമനിധി ബോർഡ് പാസ്സ്ബുക്കിൽ 12 അക്കഫിംസ് ഐ.ഡിനമ്പർ രേഖപ്പെടുത്തിയിട്ടുള്ളവരും 2023-24 വർഷത്തെ ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കുന്ന സമ്പാദ്യസമാശ്വാസ പദ്ധതിയിൽ വിഹിതം അടച്ചവരുംഫിംസിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതിനാൽ വീണ്ടും രജിസ്ട്രേഷന് രേഖകൾ സമർപ്പിക്കേണ്ടതില്ല.

3. നവംബർ 26 ദേശീയ ക്ഷീരദിനമായി ആചരിക്കുന്നതിന്റെ ഭാഗമായി 2024 നവംബർ 22,23,24 തീയതികളിൽ കേരളവെറ്ററിനറി ആൻറ് ആനിമൽ സയൻസ് സർവ്വകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന കോളേജ് ഓഫ് ഡെയറി സയൻസ് ആന്റ് ടെക്നോളജി, കോലാഹലമേട്, ഇടുക്കിയിൽ **"ജീവനീയം 24-ഡെയറി എക്സ്പോ"** നടത്തപ്പെടുന്നു. പരിപാടിയുടെ ഉദ്ഘാടനം പീരുമേട് എം.എൽ.എ. വാഴൂർ സോമൻ നിർവ്വഹിക്കും. മുഖ്യ അതിഥിയായി ഇടുക്കി ജില്ലാ കളക്ടർ, വി.വിഘ്നേശ്വരി ഐ.എ.എസ്. പങ്കെടുക്കും. പാലിൽ നിന്നുള്ള വിവിധതരം മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ പ്രദർശനവും വിപണനവും, ക്ഷീരമേഖലയിലെ നൂതന സാങ്കേതിക വിദ്യകളെ പരിചയപ്പെടുത്തൽ, ബിസിനസ് അവസരങ്ങൾ, പൊതുജനങ്ങൾക്ക് അവബോധമുണ്ടാക്കുന്ന പ്രദർശനങ്ങൾ, വിവിധ സ്റ്റാളുകൾ എന്നിവ ഇതിനോടനുബന്ധിച്ച് സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്കായി വിവിധ മത്സരങ്ങളും സംഘടിപ്പിച്ചിട്ടുണ്ട്.

## പരിശീലന പരിപാടി

4. തിരുവനന്തപുരം വെള്ളായണി കാർഷിക കോളേജ് സെന്റർ ഫോർ അഗ്രികൾച്ചറൽ ഇന്നവേഷൻസ് ആൻഡ് ടെക്നോളജി ട്രാൻസ്ഫർ (കൈറ്റ്) വച്ച് ഈ മാസം 25ന് രാവിലെ 10 മണി മുതൽ വൈകിട്ട് 4 മണി വരെ തേനീച്ച കൃഷി എന്ന വിഷയത്തിൽ പരിശീലനം

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

നൽകുന്നു. പരിശീലന ഫീസ് 500 രൂപ. പങ്കെടുക്കാൻ താല്പര്യമുള്ളവർ ഓഫീസ് സമയത്ത് 8891540778 എന്ന ഫോൺ നമ്പറിൽ വിളിക്കുകയോ പേരും സ്ഥലവും whatsapp ചെയ്യുകയോ ചെയ്യുക.

5. കേരള കാർഷിക സർവ്വകലാശാലയുടെ വിജ്ഞാന വ്യാപന വിഭാഗത്തിനു കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെന്റർ, മണ്ണുത്തിയിൽ **'ശുദ്ധജല മത്സ്യകൃഷി'**(തിലാപ്പിയ,വരാൽ) എന്ന വിഷയത്തിൽ 28.11.24-ന് പരിശീലനം സംഘടിപ്പിക്കും. 550/- രൂപയാണ് ഫീസ്. പങ്കെടുക്കാനാഗ്രഹിക്കുന്നവർ ഓഫീസ് സമയങ്ങളിൽ 0487 2370773എന്ന ഫോൺ നമ്പറിൽ 26.11.2024, ന് മുമ്പായി ബന്ധപ്പെടുക.

6. റബ്ബർബോർഡിന്റെ കീഴിലുള്ള ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ അഗ്രോണമി/സോയിൽസ് ഡിവിഷനിൽ 'അനലിറ്റിക്കൽ ട്രെയിനി' യെ താൽകാലികാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് ഏഴുത്തുപരീക്ഷയും അഭിമുഖവും നടത്തുന്നു. അപേക്ഷകർക്ക് രസതന്ത്രത്തിൽ ബിരുദാനന്തരബിരുദം ഉണ്ടായിരിക്കണം. 2024 നവംബർ 30 -ന് 30 വയസ്സ് കവിയരുത്. താൽപര്യമുള്ളവർ കോട്ടയത്ത് പുതുപ്പള്ളിയിൽ ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിൽ, ഡയറക്ടർ മുമ്പാകെ 2024 നവംബർ 26-ന് രാവിലെ 9.30ന് വയസ്സ്, വിദ്യാഭ്യാസയോഗ്യത, പ്രവൃത്തിപരിചയം തുടങ്ങിയവ തെളിയിക്കുന്നതിനുള്ള ഒറിജിനൽ സർട്ടിഫിക്കറ്റുകളുമായി ഹാജരാകേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് www.rubberboard.gov.in സന്ദർശിക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം